&

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളതെന്ന് അറിയിക്കുമോ?

(എ&ബി) കോഴിക്കോട് ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ ഉൾപ്പെടുത്തി മേപ്പയൂർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ കളിസ്ഥലം ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്കായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് 6.44 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ സെവൻസ് ഫുട്ബോൾ ഗ്രൗണ്ട്, 200 മീറ്റർ 6 ലെയ്ൻ സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്, ഇൻഡോർ ഗെയിംസ് ബിൽഡിംഗ്, ഔട്ട് ഡോർ ബാസ്കറ്റ്ബോൾ ,വോളീ ബോൾ കോർട്ടുകൾ, എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ ഫുട്ബോൾ ഗ്രൗണ്ടിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി നാളിതുവരെ 2,34,91,886 രൂപ കിഫ്ബിയിൽനിന്നും ചെലവഴിച്ചിട്ടുണ്ട്.

(സി) ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

സിവിൽ എം.ഇ.പി. പ്രവൃത്തികളിൽ ഉൾപ്പെട്ട കായിക സൗകര്യങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ 99 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. സിന്തറ്റിക് അത്ലറ്റിക് ട്രാക്കിന്റെ നിർമ്മാണം ആരംഭിക്കേണ്ടതുണ്ട്. പ്രസ്തുത സ്ഥലത്തുള്ള മണ്ണ് നീക്കം ചെയ്യുന്നതിലേക്കായി ജിയോളജി വകുപ്പിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. മണ്ണ് പൂർണ്ണമായും നീക്കം ചെയ്ത് ഒരാഴ്ചക്കുള്ളിൽ സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾ ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്. ടി സ്റ്റേഡിയം 2022 മാർച്ച് മാസത്തിന് മുമ്പ് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

ഓങ്ങല്ലൂർ പഞ്ചായത്തിലെ സ്റ്റേഡിയം നിർമ്മാണം

286 (4674) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുള്ള ഓങ്ങല്ലൂർ പഞ്ചായത്തിലെ സ്റ്റേഡിയം നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

&

(ബി) ഈ സ്റ്റേഡിയത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2019-20 വർഷത്തെ ബഡ്ജറ്റിൽ ഓങ്ങല്ലൂർ പഞ്ചായത്ത് ഗ്രൗണ്ട് നവീകരണ പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് ഹെഡിൽ ഒരു കോടി രൂപയും തനത് സാമ്പത്തിക വർഷത്തിൽ ടോക്കൺ പ്രൊവിഷനായി 100 രൂപയും അനുവദിച്ചിരുന്നു. കായികയുവജന കാര്യാലയത്തിന് കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിക്കുകയും സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഡി.പി.ആർ. അംഗീകരിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

ഷൊർണ്ണൂർ മണ്ഡലത്തിലെ സ്റ്റേഡിയങ്ങൾ

287 (4675) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച് വിശദീകരണം നൽകാമോ;

(ബി) മണ്ഡലത്തിലെ പൂർത്തീകരിക്കാത്ത സ്റ്റേഡിയങ്ങളുടെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങാനാകുമെന്നത് സംബന്ധിച്ച് വിശദമാക്കാമോ;

&

(സി) ഇതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(എ-സി) അനങ്ങനടി പഞ്ചായത്തിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭരണാനുമതിപ്രകാരം സിന്തറ്റിക് സെവൻസ് ഫുട്ബോൾ ടർഫ്, അനുബന്ധ ചെയിഞ്ച് റൂം ഫിറ്റ്നസ് സെന്റർ കെട്ടിടം, ഫ്ലഡ് ലൈറ്റ് സിസ്റ്റം എന്നീ സൗകര്യങ്ങളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. അനുബന്ധ ചെയിഞ്ച് റൂം- ഫിറ്റ്നസ് സെന്റർ കെട്ടിടം-സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിരിക്കുകയാണ്. കായിക വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് നിർമ്മിക്കുന്ന സ്റ്റേഡിയങ്ങൾക്ക് തുടർ പരിപാലനം ഉറപ്പുവരുത്തുന്നതിനും പൂർണ്ണതോതിലുള്ള വിനിയോഗ